**പാലക്കാട് തദ്ദേശസ്വയംഭരണവകുപ്പ് ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2) കൺവീനറുടെ നടപടിക്രമം**
(ഹാജർ: കെ സതീഷ് കുമാർ)

സംഗ്രഹം:- തദ്ദേശസ്വയംഭരണ വകുപ്പ്- പാലക്കാട് ജില്ല-ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2)- തീരുമാനം സംബന്ധിച്ച്

പരാമർശം:- 1. ശ്രീമതി ലീല, കളതൊടി വീട്, മാങ്ങോട് എന്നവർ നവകേരള സദസ് മുമ്പാകെ നൽകിയ പരാതി

2. ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2)യുടെ 29/01/2024 തിയതിയിലെ തീരുമാനം

**<u>ഉത്തരവ് നമ്പർ: LSGD/JD/PKD/6384/2023-I2 തീയ്യതി: 29/01/2024</u>**

ശ്രീമതി ലീല, കളതൊടി വീട്, മാങ്ങോട് എന്നവർ നവകേരള സദസ് മുമ്പാകെ, താൻ നിർമിച്ച കെട്ടിടത്തിനു തുക്കടീരി ഗ്രാമപഞ്ചായത്തിൽ നിന്നും കെട്ടിടനമ്പർ അനുവദിച്ചില്ലെന്നും ഈ പ്രശ്നം പരിഹരിക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ പരാതി പരിശോധിച്ചു. പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും വിശദമായ റിപ്പോർട്ട് ലഭ്യമാക്കി അപേക്ഷകരുടെ വീടും വാണിജ്യകെട്ടിടവും ആയ രണ്ട് കെട്ടിടങ്ങൾ തമ്മിൽ 2 മീറ്റർ അകലമില്ലാത്തതിനാലും, മുൻവശത്തെ കാന്റിലിവർ ബീം 1.2 മീറ്ററിൽ നിർമിച്ചതിനാലും കെട്ടിടനമ്പർ നൽകാൻ കഴിയുകയില്ല എന്ന് എൽ എസ് ജി ഡി വിഭാഗം റിപ്പോർട്ട് ചെയ്തതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഈ രണ്ടു കെട്ടിടങ്ങൾ തമ്മിൽ ബന്ധിപ്പിച്ചോ, അകലം കിട്ടുന്ന രീതിയിൽ കെട്ടിടഭാഗം പൊളിച്ചുനീക്കിയോ, കാന്റിലിവർ ബീമിന്റെ വലുപ്പം ക്രമീകരിച്ചോ ന്യൂനത പരിഹരിക്കുന്നതിനു നിയമാനുസൃതം കഴിയുമോ എന്ന് എൽ എസ് ജി ഡി വിഭാഗം മുഖാന്തരം പരിശോധിച്ച് പരാതിക്കാരെ അറിയിക്കുന്നതിനു സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതിനു തീരുമാനിച്ചു. അപേക്ഷകരിൽ നിന്നും ന്യൂനത പരിഹരിച്ച് പുതിയ അപേക്ഷ പഞ്ചായത്തിൽ ലഭിക്കുന്ന മുറക്ക്, സമയബന്ധിതമായി കെട്ടിട നമ്പർ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനു സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. അല്ലാത്ത പക്ഷം, KPR Act വകുപ്പ് 235AA പ്രകാരം കെട്ടിടനമ്പർ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനു സെക്രട്ടറിയെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

കെ സതീഷ് കുമാർ
ഇന്റേണൽ വിജിലൻസ് ഓഫീസർ
തദ്ദേശസ്വയംഭരണവകുപ്പ്, പാലക്കാട്

പകർപ്പ്: ശ്രീമതി ലീല, കളതൊടി വീട്, മാങ്ങോട്